

# ഞങ്ങൾ
# പൂമ്പാറ്റകളായെത്തും

Rajeev Gandhi Memorial
Higher Secondary School

## ഞങ്ങൾ
## പൂമ്പാറ്റകളായെത്തും

പുഴുവിൽ നിന്നാണ് പൂമ്പാറ്റയുണ്ടാകുന്നത്
പുഴുവിൽ പൂമ്പാറ്റയുടെ യാതൊരു അടയാളവുമില്ല
ഞങ്ങൾ കുട്ടികൾ  പൂമ്പാറ്റയുടെ ചിറകുകൾ
ഉള്ളിലൊതുക്കുന്ന പുഴുക്കളാണ്
വർണച്ചിറകുകൾ വീശി ആകാശത്തു കൂടെ തൂവൽ പോലെ
പറക്കുന്ന
പൂമ്പാറ്റകൾ ഞങ്ങളുടെ ഏകാന്ത സ്വപ്നങ്ങളാണ്
തീർച്ചയായും ചില സ്വപ്നങ്ങളാണല്ലോ നമ്മെ മുന്നോട്ട്
നയിക്കുന്നത്
കലയുടെ ചവർപ്പും  മധുരവും നുകരാൻ പൂമ്പാറ്റകളായി
ഞങ്ങളെത്തും
ഈ പുസ്തകത്തിന്റെ താളുകളിൽ നിങ്ങൾക്കതിന്റെ മിടിപ്പുകൾ
കാണാം
കാത്തിരിക്കുക പൂമ്പാറ്റകളായി ഞങ്ങൾ
മടങ്ങിയെത്തും



# സന്ദേശം



പ്രിൻസിപ്പാൾ
കെ അനിൽകുമാർ

രാജീവ് ഗാന്ധി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ് യൂണിറ്റ് വിവര സാങ്കേതിക വിദ്യയുടെ മായിക ലോകത്തിലേക്ക് കുട്ടികളെ കൈപിടിച്ചുയർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. ഉപജില്ല, ജില്ല, സംസ്ഥാന ഐ.ടി മേളകളിൽ മികച്ച വിജയം കരസ്ഥമാക്കാൻ ലിറ്റിൽ കൈറ്റ് പരിശീലനം നൽകിയ വിദ്യാർത്ഥികൾക്ക് സാധിച്ചിട്ടുണ്ട്. കൈറ്റ് ഒരുക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.



ഹെഡ് മാസ്റ്റർ
സി.പി.സുധീന്ദ്രൻ


രാജീവ് ഗാന്ധി മെമ്മോറിയൽ എച്ച്.എസ്.എസ്. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ഞങ്ങൾ പൂമ്പാറ്റകളായെത്തും എന്ന ഡിജിറ്റൽ മാഗസിന് സ്നേഹാശംസകൾ.
കുട്ടികളുടെ സർഗാത്മക ഭാവനയും ചിന്തയും പുതിയ കാലത്തിന്റെ കൈയൊപ്പുകളായി, വരയും വർണങ്ങളും അക്ഷരക്കൂട്ടുകളുമായി ഇതിൽ നിറയട്ടെ.
അനുനിമിഷം വികസിച്ചു കൊണ്ടിരിക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ ഈ സംരംഭം സാക്ഷാത്കരിച്ച ഏവർക്കും ഭാവുകങ്ങൾ നേരുന്നു...




# എഡിറ്റോറിയൽ ബോർഡ്



**Nanma Suku**



**Mohammed Zaanif Bin Hashim**



**Yadin Raj**



**Sriya jithesh**

# കൈറ്റ് മാസ്റ്റേർസ്&മിസ്ട്രസ്സ്



പവിത്രൻ കെ



രഞ്ജിത്ത് കെ പി



ഷീജ വി പി



നമിത എൻ

# താളുകളിൽ

1 ചരിത്രം

2 നിലാവിനോട്

3  ഭൂമിയിലൊര കിളി ബാക്കി

4 പൂമ്പാറ്റയാകുന്നതിന് മുൻപ്

5  ഓർമ്മകൾക്കെന്ത് സുഗന്ധം

6 മരുപ്പച്ച

7 ആ അപരിചിതൻ

8 നിനച്ചിരിക്കാതെ എത്തിയ നങ്ങ്യാർ ജീവിതം.

9 എന്റെ സൗഭാഗ്യങ്ങൾ

10 അശാന്തം

11 പാട്ടിന് പോയി ആൽമരത്തണലിൽ

12 Whispers of he shore

13  Living in a digital era

14 കരൾ പിളരും കാലം

15 Nature’s delight

16 വർണ്ണച്ചിറകുകൾ

17 ഒരു തിരിഞ്ഞുനോട്ടം

18 ഏകാന്തയാത്ര

# രാജീവ്ഗാന്ധി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ




1993ൽ,യശഃശരീരനായ ശ്രീ മഹീന്ദ്രൻ മാസ്റ്ററുടെ നേതൃത്വത്തിൽ രൂപീകരിച്ച വള്ള്യായി ചാരിറ്റബിൾ എഡ്യുക്കേഷൻസൊസൈറ്റിയുടെ ശ്രമഫലമാണ് രാജീവ് ഗാന്ധി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ. 1995 ജൂൺ 26 ന് മുത്താറിപ്പീടികയിലെ ഒരു വാടക കെട്ടിടത്തിലായിരുന്നു സ്കൂൾ ആരംഭിച്ചത്.1995 ൽ 55 വിദ്യാർത്ഥികളും രണ്ട് ഡിവിഷനകളുമായി വിദ്യാലയം ആരംഭിച്ചു.ആരംഭ കാലത്ത് തന്നെ കാലത്ത് 9 മണി മുതൽ ക്ലാസ്സുകൾ ആരംഭിക്കുകയും രണ്ടാം ശനിയാഴ്ച ഒഴികെയുള്ള ശനിയാഴ്ചകളിൽ ഉച്ചവരെയും സ്കൂൾ പ്രവർത്തിച്ചു വന്നു.ആ പതിവ് കഴിഞ്ഞ 30 വർഷവും തുടരുന്നു. 1995 ൽ തുടങ്ങി തുടർന്ന വരുന്ന എല്ലാ വർഷവും സ്കൂളുകളിൽ കുട്ടികളുടെ എണ്ണവും ഡിവിഷനകളും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു .2012-13ലാണ് സ്കൂളിൽ ഹയർസെക്കന്ററി ബ്ലോക്ക് അനുവദിച്ചത്.സയൻസ്, കമ്പ്യൂട്ടർ സയൻസ്,കോമേഴ്സ് എന്നീ ബാച്ചുകളാണ് ഹയർസെക്കന്ററിയിൽ നിലവിലുള്ളത്.ഇന്ന് ഹൈസ്കൂളിൽ 98 അദ്ധ്യാപകരുടെയും 7അനദ്ധ്യാപകരുടെയും ,ഹയർ സെക്കന്ററിയിൽ 16 അദ്ധ്യാപകരുടെയും 2 അനദ്ധ്യാപകരുടെയും ,3900ൽ പരം വിദ്ധ്യാർത്ഥികളുടെയും സമ്പുഷ്ടകൂട്ടായ്മ യിലേക്ക് വളർന്നത് അദ്ധ്യാപക,പി.ടി.എ,മേനേജ്മെന്റ് എന്നിവരുടെ ഗുണപരമായ ഇച്ഛാശക്തിയാലാണ്. 1995 മുതൽ 12 വർഷത്തോളം കൃഷ്ണൻ മാസ്റ്ററായിരുന്നു സ്കൂളിലെ ഹെഡ് മാസ്റ്റർ.ഇപ്പോഴത്തെ ഹെഡ് മാസ്റ്റർ സി.പി.സുധീന്ദ്രൻ ,പ്രിൻസിപ്പാൾ കെ അനിൽ കുമാർ , സ്റ്റാഫ് സെക്രട്ടറി വിജിത്ത് പി

## ഞങ്ങൾ പൂമ്പാറ്റകളായെത്തും

# ലിറ്റിൽ കൈറ്റ്സ്

2017 ഫെബ്രവരി മാസത്തിൽ നടത്തിയ അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ ഏട്ടാം തരത്തിലെ കുട്ടികളെ തെരഞ്ഞെടുത്ത് ലിറ്റിൽ കൈറ്റ്സിലെ പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ഉദ്ഘാടനം സ്കൂൾ ഹെഡ്മാസ്റ്റർ നിർവഹിച്ചു. അംഗങ്ങൾക്ക് എല്ലാ ബുധനാഴ്ചയും വൈകിട്ട് 4 മുതൽ 5മണി വരെ ക്ലാസ്സ് നൽകി വരുന്നു. മാസത്തിൽ ഒരു ശനിയാഴ്ച 10 മുതൽ 4 മണി വരെ സ്കൂൾ തല ക്യാമ്പ് നടന്നുവരുന്നു. ശ്രീ. പവിത്രൻ.കെ കൈറ്റ് മാസ്റ്ററായും ശ്രീമതി. ഷീജ.വി.പി, കൈറ്റ് മിസ്ട്രസായും പ്രവർത്തിച്ച് വരുന്നുഅനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്വെയർ ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്.ലിറ്റിൽ കൈറ്റ്സിന്റെ 40 കുട്ടികൾ അടങ്ങുന്ന ഒരു യൂനിറ്റ് സ്കൂളിൽ പ്രവർത്തിച്ചു വരുന്നു.എല്ലാ ബുധനാഴ്ചകളിലും ഒരു മണിക്കൂർ വീതവും തിരഞ്ഞെടുക്കപ്പെട്ട ശനിയാഴ്ചകളിൽ രാവിലെ പത്തുമണി മുതൽ വൈകുന്നേരം നാലുമണിവരെയും കുട്ടികൾക്കായി പരിശീലനം നൽകുന്നു.ലിററിൽ കൈറ്റ്സ് പദ്ധതിയിൽ അംഗങ്ങളാവുന്നതിലൂടെ വിവിധങ്ങളായ പരിശീലനാനുഭവങ്ങളിലൂടെ കടന്നുപോകാനുള്ള അവസരങ്ങളാണ് ഓരോ വിദ്യാർത്ഥികൾക്കും കൈവന്നിരിക്കുന്നത് ലിറ്റിൽ കൈറ്റ്സ്അംഗങ്ങളുടെ ആദ്യയോഗം 2018 ജൂണിൽ സ്കൂൾ തുറന്ന് ആദ്യത്തെ ബുധനാഴ്ച വൈകുന്നേരം നാലുമണിക്ക് എഡുസാറ്റ് ഹാളിൽ ചേർന്നു.ലീഡറേയും ഡപ്യൂട്ടി ലീഡറേയും തെരഞ്ഞെടുത്തു.ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്തലത്തിലുള്ള ഏകദിന ക്യാമ്പ് 11/8/2018 ശനിയാഴ്ച രാജീവ് ഗാന്ധി മെമ്മോറിയൽ എച്ച്.എസ്.എസിൽ വെച്ച് നടന്നു വീഡിയോ എഡിറ്റിങ്ങ്,ഓഡിയോ റിക്കർഡിംഗ് ,വീഡിയോയിൽ ശബ്ദം ചേർക്കൽ, ടൈറ്റിലുകൾ ഉൾപ്പെടുത്തൽ തുടങ്ങിയമേഖലകളിലായിരുന്നു പരിശീലനം .സ്കൂൾ ഐ.ടി. കോർഡിനേറ്റർ മനോജ് കുമാർ., കൈറ്റ് മിസ്ട്രസ് ശ്രീമതി ഷീജ വി പി കൈറ്റ് മാസ്റ്റർ ശ്രീ.പവിത്രൻ.കെ. എന്നിവർ ക്ലാസ്സുകൾ നയിച്ചു., അമ്മമാർക്ക് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഹൈടെക് പരിശീലനം നൽകി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ്

ടെക്നോളജി ഫോർ എഡ്യൂക്കേഷൻ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബുകൾ വഴി നടപ്പാക്കിയ അമ്മമാർക്കുള്ള ഹൈടെക് പരിശീലനം മൊകേരി രാജീവ് ഗാന്ധി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിലും നടക്കുകയുണ്ടായി സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കിയിട്ടുള്ള ഹൈടെക് സംവിധാനങ്ങളും സൗകര്യങ്ങളും പരിചയപ്പെടാനും, 'സമഗ്ര' പോർട്ടൽ, പാഠപുസ്തകത്തിലെ ക്യു.ആർ. കോഡുകൾ തുടങ്ങിയവ കുട്ടികൾക്ക് വീട്ടിലും ഉപയോഗിക്കാൻ സാഹചര്യം ഒരുക്കുകയുമായിരുന്നു അമ്മമാർക്കുള്ള ഹൈടെക് പരിശീലന പദ്ധതിയുടെ ലക്ഷ്യം. മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള ഇന്റർനെറ്റ് ഉപയോഗം രക്ഷിതാക്കളിൽ വ്യാപകമായ സന്ദർഭത്തിലാണ് ഇത്തരമൊരു പരിശീലനം സംഘടിപ്പിച്ചത്. വീടുകളിലുള്ള സ്മാർട്ട് ഫോണുകൾ വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങളിൽ പരമാവധി പ്രയോജനപ്പെടുത്തുകയാണ് പ്രധാന ലക്ഷ്യം. ഒമ്പത്, പത്ത് ക്ലാസ്സുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ക്യു.ആർ. കോഡ് സ്കാൻ ചെയ്ത് റിസോഴ്സുകൾ ഉപയോഗിക്കുന്നവിധം, ഹൈടെക് പദ്ധതിക്കു കീഴിലുള്ള പുതിയ ക്ലാസ്റൂം പഠന രീതി പരിചയപ്പെടൽ, സമഗ്ര പോർട്ടലിലെ പഠന വിഭവങ്ങൾ ഉപയോഗിക്കുന്നവിധം, വിക്ടേഴ്സ് ചാനലിലെ വിദ്യാഭ്യാസ പരിപാടികൾ, സമേതം പോർട്ടലിലെ സൗകര്യങ്ങൾ, സൈബർ സുരക്ഷ എന്നിവയാണ് വിവിധ സെഷനുകളിലായി പരിചയപ്പെടുത്തിയത്.





**ഞങ്ങൾ പൂമ്പാറ്റകളായെത്തും**

# നിലാവിനോട്



എന്തിനെന്നെ നീ ഇങ്ങനെ
പിന്തുടരുന്നു? ജീവനിലലിയുന്ന
ആത്മാവ് പോലെ എന്നും
എനിക്കു നീ മാത്രമായല്ലോ!
ഇരുളിൻ വിധിയിൽ
ഞാൻ ഒറ്റയ്ക്കിരിക്കുമ്പോൾ
കാവലായ് നീയൊപ്പ-
മുണ്ടായിരുന്നല്ലോ.
നിലാവേ വിശ്വസിച്ചാട്ടെ
ഞാൻ?, എന്നുമെനിക്ക്
കാവലായ് നീയുണ്ടാകുമെന്ന്
ഇരുളിന്റെ വഴിയിൽ
എനിക്ക് പ്രകാശം
പകർന്നീടുവാൻ
എന്നുമെപ്പോഴും
എൻകൂടെനീയുണ്ടാകുമോ?





# ഭൂമിയിലൊരുകിളി ബാക്കി





ഇനിയൊരിക്കൽ ഞാൻ കരയുകില്ല
കണ്ണിൽനിന്നൊഴുകട്ടെ രക്തം.
ഇനിയാരെയും ഞാൻ സ്നേഹിക്കയില്ല
ഹൃദയത്തിനിനിയില്ല സമയം
ഇനിയെനിക്കില്ല പ്രാരാബ്ധമൊന്നും
ഇനിയെനിക്കില്ല പ്രതീക്ഷയൊന്നും.
ഇനിയെന്നെക്കാത്തുകരയുവാനെൻ
കുഞ്ഞുകൂട്ടിൽ വിരിഞ്ഞൊരെൻ മക്കളില്ല.
ഇനിയെനിക്കൊരുകൂട് കൂട്ടുവാൻ മരമില്ല
ഇണചേരുവാനും കിളികളില്ല
എന്നെത്തഴുകുവാൻ കാറ്റില്ല
വറ്റിയ തൊണ്ടയ്ക്കു പാടുവാൻ ശേഷിയില്ല
ശുദ്ധവായുവില്ലീഭൂവിൽ
ഒരുതുള്ളി വെള്ളമില്ലീമണ്ണിൽ
പുതുജീവൻ ബാക്കിയില്ല.
ഈ മണലിനെൻ മേനിയഴുകുവാനായ്
സൂക്ഷ്മജീവിപോലും ഇന്ന് മണ്ണിലില്ല.
ഈ മണൽകോട്ടയിൽ ഞാനമരുംമുൻപായ്
ഒരു ഗീതമെങ്കിലും പാടിടാം ഞാൻ
ആ ഗീതം അലയടിച്ചിടുവാനൊരുവട്ട-
മെങ്കിലും ആ കാറ്റ് വീശിടട്ടെ
ആ ഗീതം എൻകുഞ്ഞിനാത്മാവായി മാറട്ടെ
ജീവൻ നിലയ്ക്കുവരെ ഞാൻ പാടിടാം
ഇനിയിവിടെ ഭൂമിയിൽ ജീവനുണ്ടാകട്ടെ
ഇനിയും തളിർക്കട്ടെയെൻറെ ഭൂമി.



# പൂമ്പാറ്റയാകുന്നതിന് മുൻപ്



സാനിഫ്



പണ്ട്....
വെന്തുരുകുന്ന ചിതയിൽ
അവൾ
പൊലിഞ്ഞുപോകുമായിരുന്നു.
പക്ഷേ
തീക്ഷ്ണമായ മനോധൈര്യം
എല്ലായ്പ്പോഴും അവൾക്ക്
കൂട്ടായിരുന്നു.
കാമദാഹങ്ങൾ
എങ്ങും പറന്നുയരുമ്പോൾ
അവൾ അഗാധമായ് ചിന്തയിലാഴ്ന്നു.
ക്രൂരക്കണ്ണുള്ള
നികൃഷ്ടജന്തുക്കൾ
അവളെ പിച്ചിച്ചീന്തിയത്
ആർത്തുല്ലസിക്കാൻ
വേണ്ടിയാണോ?
ആ നേരം
വ്രണിതമാം കണ്ഠത്തിൽ

ഒരിറ്റ് നീര് രുചിക്കാൻ
അവൾക്ക് സാധ്യമായിരുന്നല്ല.
ഒരു പെൺ ജന്മം
ഭൂമിയിൽ വീഴുന്നത്
കീറിമുറിക്കാനല്ല...
കാട്ടാളൻമാർക്ക്
ആർത്തുവിളിക്കാനല്ല.....
ചക്രവാളങ്ങൾക്കിടയിലെ
തീജ്വാലയായി നിറയാനാണ്.
എന്തിന്ന പെണ്ണിനീ വിധി?
അവൾ തൻ സ്വപ്നങ്ങൾ
നഷ്ടമാക്കാനോ
സ്വാതന്ത്ര്യം അനുഭവിച്ച്
പാറി നടക്കേണ്ട അവൾക്ക്
തൻ ചിറകുകൾ
മുറിവേറ്റാൽ
എങ്ങനെ പറക്കും
ചിറകുകൾ വിടർത്തി

സ്വപ്നത്തിലേക്കുള്ള
യാത്രയിൽ അവൾ
നിശ്ചലമാക്കുന്നു.
പ്രതീക്ഷയും പ്രത്യാശയും
നിറഞ്ഞ അനന്തമാം വാനിൽ
അവൾ ചിറകു വിടർത്തി
ജീവിതത്തിലെ ചിതൽപിടിച്ച
അറകളെ
അടർത്തിക്കൊണ്ട്
പ്രകാശത്തിന്റെ ലോകത്തിന്റെ
പാറിപ്പറക്കും
ദാമ്പത്യജീവിതത്തിലെ
ക്രൂരമായ ഏടിൽനിന്നും
മോചിതയായ
അവൾ
പുതുദാമ്പ്യത്യജീവിതം
ആഗ്രഹിച്ചില്ലേലെന്ത്?
തിളക്കമാർന്ന നയനങ്ങൾ
രക്തം ഉതിരുന്നതും
പാടപിടിച്ചതുമാക്കണോ

ആ കണ്ണുകൾ
സദാ ശോഭിക്കും..
ലോകത്തിൻ മാതൃകയാവും..
പെണ്ണ് ...
അവൾ ഏകയല്ല
സമൂഹത്തിലെ സ്വാതന്ത്ര്യം
കൊതിക്കുന്ന
എല്ലാം അവളുടെ കൂടെ ഉണ്ട്.
അവൾ തൻ സ്വപ്നങ്ങളുടെ കൂടെ
തീജ്വാലയായി...
ഓരോ പെണ്ണും
ഓരോ പ്രതീക്ഷയാണ്..
ജീവിതകടലിൽ
അക്കരെ സ്തംഭിച്ചുനിക്കാതെ
ആത്മധൈര്യമായ
തോണിയിൽ തുഴഞ്ഞ്
അക്കരെയെത്തട്ടെ



# EDU-TEC HUB INAUGURATION









# ഓർമകൾക്കെന്തു സുഗന്ധം

ഷഹന

ജീവിതത്തിലെ എറ്റവും അവിസ്മരണീയമായ സുവർണ്ണ കാലഘട്ടം അതാണ് എനിക്കെന്റെ സ്കൂൾ ജീവിതം. ഇപ്പോഴും വർഷങ്ങൾ ഇത്രയും കടന്നു പോയെന്ന് വിശ്വസിക്കാൻ കഴിയാത്ത വിധം ആ ഓർമകൾ ഇന്നും പുതുമ മായാതെ മനസ്സിൽ തങ്ങി നിൽക്കുന്നു.

എനിക്കേറ്റവും പ്രിയപ്പെട്ട എന്റെ വിദ്യാലയം. എവിടെ പോയാലും ആ പേരെടുത്തു പറയാൻ അന്നും ഇന്നും ഊറ്റം കൊള്ളുന്ന അഭിമാനം, കെടാതെ നെഞ്ചിൽ ഉണ്ട് ഇപ്പോഴും. എന്നെ ഞാനാക്കി മാറ്റിയ എന്റെ സ്വന്തം രാജീവ് ഗാന്ധി മെമ്മോറിയൽ ഹൈസ്കൂൾ. അന്ന് ഹൈസ്കൂൾ വിഭാഗം മാത്രമേ ഉണ്ടായിരുന്നുള്ളൂ. തുടർ പഠനത്തിന് അന്നേ ഹയർസെക്കന്ററി ഉണ്ടായിരുന്നെങ്കിൽ എന്ന് ഒരുപാട് ഒരുപാട് ആശിച്ചിരുന്നു. ഒരുപക്ഷേ, എന്റെ ജീവിത ഗതിയിൽ തന്നെ മാറ്റങ്ങൾ വരുത്തിയേക്കാവുന്ന ഒന്നാവുമായിരുന്നു അത്.

കാരണം, എന്നിലും എന്റെ വ്യക്തി ജീവിതത്തിലും അത്രക്കും വലിയ സ്വാധീനം ചെലുത്തിയിരുന്നു രാജീവ് ഗാന്ധി മെമ്മോറിയൽ ഹൈസ്കൂൾ എന്ന എന്റെ പ്രിയപ്പെട്ട വിദ്യാലയം. അവിടെ പഠിച്ചു എന്നതിലുപരി ഞാൻ അവിടെ ജീവിച്ചു എന്ന് പറയുന്നതാവും ഉത്തമം.

എന്റെ കലാജീവിതത്തിന്റെ നാമ്പുകൾ മുളച്ചത് പ്രൈമറിസ്കൂൾ കാലഘട്ടത്തിൽ ആയിരുന്നു. എന്നാൽ അതിന്റെ വേരുകൾ ഉറച്ചതും ബലപ്പെട്ടതും രാജീവ് ഗാന്ധി മെമ്മോറിയൽ ഹൈസ്കൂളിൽ പഠിക്കുമ്പോഴാണ്.
എന്നിലെ ഗായികയും, അഭിനേത്രി, നർത്തകിയും എല്ലാം ആടി തിമിർത്ത കാലം. ഞാൻ എന്ന കലാകാരിയെ വാർത്തെടുക്കാൻ എന്റെ മാതാപിതാക്കൾക്കൊപ്പം തന്നെ എന്റെ പ്രിയപ്പെട്ട അധ്യാപകരും നിസ്വാർത്ഥം പരിശ്രമിച്ചിരുന്നു.
വിദ്യാരംഗം കലാസാഹിത്യ വേദി, യുവജനോത്സവം, ശാസ്ത്ര മേള തുടങ്ങി നിരവധി കലാമത്സര വേദികൾ. അവിടെയെല്ലാം ഓരോ തല മത്സരങ്ങളിലും അന്തിമവിജയം കരസ്ഥമാക്കുവാനും, എന്റെ പ്രിയപ്പെട്ട സ്കൂളിന്റെ തന്നെ അഭിമാനമായി മാറുവാനും സാധിച്ചത് ഇന്നും വലിയ ഒരു നേട്ടമായും അനുഗ്രഹവുമായും ഞാൻ കാണുന്നു.

ജയ പരാജയത്തിന്റെ മധുരവും കയ്പ്പും ഒരുപോലെ അനുഭവിച്ചറിഞ്ഞ നാളുകൾ, ഒന്നിലും പതറാതെ കൈ പിടിച്ചുയർത്തി പറന്നുയരാൻ അനുവദിച്ച എന്റെ സ്വന്തം രാജീവ് ഗാന്ധി മെമ്മോറിയൽ ഹൈസ്കൂൾ . എന്നെന്നും ഓർക്കാൻ ഹൃദയത്തോടു ചേർത്തുവച്ച ഒരുപാട് ഒരുപാട് സന്തോഷ മുഹൂർത്തങ്ങൾ.
അതിൽ എടുത്ത് പറയേണ്ട ചിലത്...

കലാമേളകൾക്കു വേണ്ടിയുള്ള പരിശീലന വേളകളിൽ എത്രയോ ക്ലാസുകൾ നഷ്ടമായത്,
അതോരോന്നും നികത്തി സ്പെഷ്യൽ ക്ലാസ്സ് അനുവദിച്ച് ഉന്നതവിജയം പ്രാപ്തമാക്കാൻ എനിക്ക് താങ്ങായത്, ജീവിതത്തിലെ ആദ്യ റിയാലിറ്റി ഷോ അനുഭവം (എയർടെൽ സൂപ്പർസിങ്ങർ തമിഴ്- സ്റ്റാർ വിജയ് ടി.വി ) പത്താം ക്ലാസ്സിന്റെ തുടക്കത്തിൽ വന്നപ്പോൾ വളരെ പുരോഗമന ചിന്താഗതിയോടെ അതിന് അനുമതി നൽകി കൂടെ നിന്നത്, എനിക്കായി എന്റെ പ്രിയ അധ്യാപകർ നാടക കഥാപാത്രങ്ങൾ രചിച്ചത്, ആ വേഷങ്ങൾ മഹാനായ കലാകാരനു മുന്നിൽ പകർന്നാടാൻ അവസരം ഒരുക്കിയത്, എറ്റവും മികച്ച അഭിനേത്രി എന്ന വിശേഷണം ലഭിച്ചത്, കലോത്സവങ്ങളിൽ എന്നെ ഒരുക്കാൻ എന്റെ പ്രിയപ്പെട്ട അധ്യാപികമാർ തുനിഞ്ഞിറങ്ങിയത്, 47മത് സംസ്ഥാന കലോത്സവം കണ്ണൂർ ജില്ലയിൽ വച്ച് അരങ്ങേറിയത്, അതിൽ വ്യക്തിഗത ഇനങ്ങളിൽ കൂടുതൽ പോയിന്റ്സ് കരസ്ഥമാക്കി അന്നത്തെ ജില്ലാ കലക്ടർ ഡോ. ഇഷിത റോയിൽ നിന്നും എവർ റോളിങ് ട്രോഫി ഏറ്റുവാങ്ങിയത്. പഠനത്തിലും, പാഠ്യേതര വിഷയങ്ങളിലും ഒരുപോലെ തിളങ്ങാൻ സാധിച്ചത്, ഒടുവിൽ അവസാന ദിവസം ആഘോഷപൂർവ്വം ആ പടികൾ ഇറങ്ങുമ്പോൾ സൗഹൃദങ്ങളെ പിരിയുന്നതിനേക്കാൾ വേദനയിൽ ഇനി ഈ മുറ്റത്തേക്ക് ഇവിടത്തെ വിദ്യാർത്ഥിനിയായി ഒരു മടക്കമില്ല എന്ന തിരിച്ചറിവിൽ മനസ്സ് വാങ്ങിയത്, എല്ലാം ഇന്നലെ എന്നതുപോലെ മനസ്സിൽ പച്ചകുത്തി നിൽക്കുന്നു.
മികച്ച പഠന നിലവാരം, മികച്ച അധ്യാപകർ, പാഠ്യേതര വിഷയങ്ങളിലെ പ്രോത്സാഹനവും മേൽക്കോയ്മയും, ഇതൊന്നും മാത്രമായിരുന്നില്ല എനിക്ക് രാജീവ് ഗാന്ധി മെമ്മോറിയൽ ഹൈസ്കൂൾ.എനിക്കെല്ലാം ലഭിച്ചത് അവിടെ നിന്നായിരുന്നു. എന്റെ വിലപ്പെട്ട സൗഹൃദങ്ങൾ, നന്നേ ചെറുപ്പത്തിലേ എന്നിൽ ഉടലെടുത്ത സ്വാഭിമാനം, സർവോപരി എന്നെ ഉയർച്ചയുടെ പടവുകളിലേക്ക് നയിച്ച, ജയ പരാജയങ്ങളിൽ എന്റെ കാലും മനസ്സും ഒരുപോലെ ഇടറാതെ പതറാതെ മുന്നേറാൻ എന്നോടൊപ്പം നിലകൊണ്ട, എന്നിൽ എന്തെല്ലാം കഴിവുകൾ കണ്ടെത്താൻ സാധിച്ചുവോ അതെല്ലാം പരിപോഷിപ്പിക്കുവാൻ അശ്രാന്ത പരിശ്രമം നടത്തിയ, എന്നെ പ്രോത്സാഹിപ്പിക്കുകയും വഴി നടത്തിച്ച് സ്വപ്നം കാണാൻ പഠിപ്പിച്ച് മുന്നോട്ടു നയിക്കുകയും ചെയ്ത എന്റെ മനസ്സിന്റെ വെളിച്ചമായി വർത്തിച്ച എന്റെ സ്വന്തം അധ്യാപകർ. മൺമറഞ്ഞാലും മനസ്സിൽ ഇന്നും ജീവിക്കുന്ന എന്റെ പ്രിയപ്പെട്ട ഗുരുക്കന്മാർ.
എത്ര നന്ദി വാക്കുകൾ കൊണ്ട് നിറച്ചാലും, പറഞ്ഞ് തീർക്കാൻ കഴിയാത്ത അത്ര കടപ്പാട് നിങ്ങൾക്ക് വേണ്ടി എന്നും മനസിൽ സൂക്ഷിക്കുന്നു. ഈ കുറിപ്പ് എഴുതി അവസാനിപ്പിക്കുമ്പോൾ, എന്റെ കണ്ണുകൾ ഈറനണിഞ്ഞതും, കൈകൾ ഇടറിയതും, മനസിൽ എന്തെന്നില്ലാത്ത ഒരു നൊമ്പരം ഉടലെടുത്തതും, ഒരുപക്ഷേ നേരത്തെ സൂചിപ്പിച്ച പോലെ അവിടെ ജീവിച്ച് കൊതി തീരാത്ത ഒരു സ്കൂൾ കുട്ടി എന്റെ മനസിൽ എവിടെയോ ആ പഴയ ഓർമ്മക്കൂട്ടിനിടയിൽ ഇന്നും ജീവിക്കുന്നുണ്ടാവാം. എന്ന് ഞാൻ തിരിച്ചറിയുന്നു. എന്നെന്നും പ്രിയപ്പെട്ട എന്റെ വിദ്യാലയം. ആ അങ്കണത്തിലേക്ക് ഒരു തിരിച്ചുവരവിനായി ഞാനും കൊതിക്കുന്നു.

## ഞങ്ങൾ പൂമ്പാറ്റകളായെത്തും

# മരുപ്പച്ച

നന്മ സുകു

കാത്തിരുന്നു മുഷിഞ്ഞുനാമേവരും
കാത്തിരിപ്പിന്നതിരുകാണ്മാനില്ല.
കാത്തിരിക്കുന്നതെന്തിനെയെന്നത്
കാത്തിരിക്കും നമുക്കുമറിയില്ല.
ഇന്നുനാം കാത്തിരിക്കുന്നതൊക്കെയും
നാളെ മാറിമറയുന്ന ജാലമായി...

പൂക്കളൊക്കെ സുഗന്ധം പരത്തുന്നു
വണ്ടുകൾ തേൻ നുകർന്നുനുണയുന്നു(2)

ജീവിതത്തിൻ മധു നുകരാതെയീ
മാനവർ മരുപ്പച്ച തേടുന്നിതാ..(2)



# ഓണാഘോഷം




# ആ അപരിചിതൻ

ശിവാനി.ബി

ഞാൻ പതിവുപോലെ ഇന്നും സ്കൂളിലേക്ക് പുറപ്പെട്ടു. രാവിലത്തെ പിരീഡ് ഫ്രീയായതിനാൽ തന്നെ, ക്ലാസ്സ് ലീഡർ എന്ന നിലയിൽ രാവിലെ തന്നെ, കുട്ടികളോട് നിശബ്ദത പാലിക്കാൻ പറയുകയും നിശബ്ദത പാലിക്കാത്തവരുടെ പേര് എഴുതേണ്ടിയും വന്നു. ഇന്ന് എല്ലാവരുടെയും കൂടെ എന്നും സംസാരിക്കുന്നതുപോലെ ഇന്നും സംസാരിച്ചു. പക്ഷേ, രാഹുൽ എന്തോ എന്നോടും സുഹൃത്തുക്കളോടും എന്തിനേറെ പറയുന്നു, അവൻറെ ആത്മാർത്ഥ സുഹൃത്തായ അനുഗ്രഹിനോട് പോലും സംസാരിക്കാൻ കൂട്ടാക്കിയില്ല. ആദ്യമൊക്കെ എന്തോ വ്യക്തിപരമായതോ കുടുംബപരമായതോ ഉള്ള പ്രശ്നമാണെന്നാണ് കരുതിയത്. പക്ഷേ അവൻ കുറച്ച് പിരീഡിന് ശേഷം അവൻ എല്ലാ ദിവസത്തിൽ നിന്നു വിചിത്രമായി എല്ലാവരോടും പെരുമാറാൻ തുടങ്ങി. അവനോട് സംസാരിക്കാൻ വരുന്നവരോട് ഒരു കാരണവുമില്ലാതെ ആക്രോശിക്കുക., ആരുമില്ലാത്ത സ്ഥലത്തുപോയി സ്വയം ദേഹോപ്രദവം ഏൽപ്പിക്കുക. ഇതെല്ലാം തന്നെ ഞാനും അനുഗ്രഹും നിരീക്ഷിക്കുന്നുണ്ടായിരുന്നു. പെട്ടെന്നു തന്നെ രാഹുൽ എന്തോ മിഠായി കഴിക്കുകയും സാധാരണ ഗതിയിലേക്ക് തിരിച്ചു വരുകയും ചെയ്തു. ഇതെല്ലാം കണ്ടുകൊണ്ടിരിക്കുന്ന എനിക്കും അനുഗ്രഹിനും ആ മിഠായി ഏതാണെന്ന് വ്യക്തമായി കാണാൻ സാധിച്ചില്ല അതിനു ശേഷം പിന്നീട് ഒന്ന് രണ്ട് ദിവസത്തേക്ക് രാഹുൽ ആരോടും സംസാരിച്ചില്ല .അവൻ എന്നും ആ മിഠായി കവിക്കുന്നത് നമ്മൾ ശ്രദ്ധിക്കാറുണ്ടായിരുന്നു. ഇത് ആവർത്തിക്കുന്നത് കണ്ട് അതിൽ സംശയം തോന്നിയതിനാൽ തന്നെ നമ്മൾ ക്ലാസ് ടീച്ചറായ മീര ടീച്ചറുടെ അടുത്തേക്ക് പോയി. ടീച്ചർ എന്നതിലുപരി നല്ലൊരു സുഹൃത്ത് കൂടിയായിരുന്നു നമുക്ക് ടീച്ചർ. ഈ കാര്യം നമ്മൾ വേഗം തന്നെ മീര ടീച്ചറോട് പറഞ്ഞു.ടീച്ചർ കാര്യം മനസ്സിലാക്കൻ വേണ്ടി നമ്മലുടെ കൂടെ വന്നു.കാര്യത്തിന്റെ ഭീകരത മനസ്സിലാക്കിയ ടീച്ചർ ഉടൻ തന്നെ രാഹുലിന്റെ കയ്യിൽ നിന്ന് മിഠായി വാങ്ങിച്ച് വലിച്ചെറിഞ്ഞ് അവനെയും ഞങ്ങളെയും

കൂട്ടി ഒരിടത്തേക്ക് കൊണ്ടുവന്നിട്ട് "നീ എന്തിനാ ആ മിഠായി കഴിക്കുന്നത് " എന്ന് ടീച്ചർ രാഹുലിനോട് ചോദിച്ചു. "ആദ്യ ദിവസങ്ങളിൽ ഞാൻ അത് ആസ്വദിച്ചു കൊണ്ടാണ് കഴിച്ചിരുന്നത്.ഇപ്പോൾ അത് കഴിക്കാതെ എനിക്ക് പറ്റുന്നില്ല. "ടീച്ചർ വലിച്ചെറിഞ്ഞ മിഠായികളെ നോക്കിക്കൊണ്ട് അവൻ പറഞ്ഞു. "മോനെ , അത് വെറും മിഠായി അല്ല. അതിൽ മയക്കുമരുന്നുണ്ട്." ഇതു പറഞ്ഞ് നിനക്കിതെവിടെനിന്ന് കിട്ടി എന്ന് ടീച്ചർ ചോദിക്കുന്നു. രാഹുൽ അതിനെ പറ്റി പറയാൻ ആഗ്രഹിച്ചു. അന്ന് രാഹുലും അനുഗ്രഹും തമ്മിൽ പിണങ്ങിയാമ് സ്കൂളിൽ നിന്ന് പോയത്. അന്ന് അവനോടാരും അധികം സംസാരിച്ചതുമില്ല. അന്ന് അത്രയധികം സങ്കടത്തോടെയാണ് അവൻ വീട്ടിലേക്ക് നടന്നത്. വീട്ടിൽ അവൻ തനിച്ചാകും ഉണ്ടാവുക. കാരണം അവൻറെ അച്ഛനും അമ്മയും ജോലിത്തിരക്കിൽ മുഴുകിയിരിക്കുന്നുണ്ടാവും.

ഇതുംകൂടി ആലോചിച്ചപ്പോൾ അവന്റെ സങ്കടം ഒന്നുകൂടി വർദ്ധിച്ചു. അവൻ അങ്ങനെ സങ്കടവും ദേഷ്യവും എല്ലാം ഓർത്ത് വീട്ടിലേക്ക് നടക്കുമ്പോൾ ഒരു അപരിചിതൻ അവൻറെ അടുത്തേക്ക് ചെന്ന് അവനോട് സംസാരിച്ച് അവന്റെ സങ്കടമെല്ലാം മാറ്റിക്കൊടുത്തു. അന്നവന് കിട്ടിയതാണ് ഈ മിഠായി. പിന്നീട് എപ്പോഴും ആ അപരിചിതൻ അവന് ഈ മിഠായി ഏൽപ്പിക്കും. ഇത് കേട്ട ഞാനും ടീച്ചറും അനുഗ്രഹും സ്തംഭിച്ചുപോയി. ഇതെല്ലാം കേട്ടതിനുശേഷം ടീച്ചർ പറയാനാരംഭിച്ചു. ഈ കാലഘട്ടത്തിൽ ലഹരിമാഫിയയെല്ലാം തന്നെ നിങ്ങളെ പോലുള്ള കുട്ടികളെയാണ് വലയിലാക്കുന്നത്. അവൻ ഇങ്ങനെ വലയിലകപ്പെട്ടാൽ കുട്ടികൾക്ക് ഇതുപോലെ മയക്കുമുന്ന് കലർന്ന മിഠായികൾ വിതരണം ചെയ്യുകയും കുട്ടികൾക്ക് അതില്ലാതെയിനി പറ്റില്ല എന്ന അവസ്ഥയിലാകുമ്പോൾ അവർ കാശ് തരാൻ ആവശ്യപ്പെട്ട് നിരവധി സമ്പാദിക്കുകയും ചെയ്യുന്നു. ഇതേ മിഠായിയിൽ മയക്കുമരുന്ന് കലർത്തിയിട്ടുണ്ടെന്ന വാർത്ത ടീച്ചർക്ക് നേരത്തേ അറിയാമായിരുന്നു. നീ എത്ര ദിവസമായി ഈ മിഠായി കഴിക്കാന തുടങ്ങിയിട്ട് എന്ന ടീച്ചറുടെ ചോദ്യത്തിന് രണ്ട് ദിവസമെന്ന് രാഹുൽ മറുപടി പറഞ്ഞു. ഇതെല്ലാം കേട്ട അനുഗ്രഹ് ഞാനിനി രാഹുലിനോട് പിണങ്ങില്ലെന്ന് അവന് വാക്ക് കൊടുക്കുന്നു.ഇതെല്ലാം ഞാൻ ശ്വാസം നിലച്ച് അവസ്ഥയിൽ കേട്ടിരുന്നു. ഇനി ഈ മിഠായി കഴിക്കില്ലെന്ന് എനിക്ക് വാക്ക് തരാൻ ടീച്ർ ആവശ്യപ്പെടുന്നു. ടീച്ചർക്ക് രാഹുൽ വാക്ക് നൽകുകയും ചെയ്യുന്നു. ടീച്ചറും ഞങ്ങളും പോലീസിൽ രാഹുലിന് മിഠായി നൽകിയ അപരിചിതനെ പറ്റി കേസ് കൊടുക്കുകയും രാഹുലിൻറെ സഹായത്തോടെ അവൻ ജയിൽശിക്ഷ അനുഭവിക്കുകയും ചെയ്തു. നീ എത്ര വലിയ കാര്യമാണ് ചെയ്തതെന്ന് നിനക്കിപ്പോൾ മനസ്സിലായിട്ടുണ്ടാവില്ല, എന്ന് ടീച്ചർ രാഹുലിനോടും ഞങ്ങളോടുമായി പറഞ്ഞു. ഈ സംഭവത്തെ തുടർന്ന് സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരുമെല്ലാം ഞങ്ങളെ അഭിനന്ദിച്ചു. ഇപ്പോൾ രാഹുൽ സന്തോഷവാനാണ്.



**ഞങ്ങൾ പൂമ്പാറ്റകളായെത്തും**

## കേരള സ്കൂൾ കലോത്സവം
ജനുവരി 2024

# കലാകിരീടം കണ്ണൂരിന്

## കണ്ണൂർ സ്ക്വാഡിന് കരുത്തേകി രാജീവ് ഗാന്ധി മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂൾ,മൊകേരി



HS, HSS വിഭാഗങ്ങളിലായി
80 പോയിന്റുമായി സംസ്ഥാനത്തെ
1049 വിദ്യാലയങ്ങൾക്കിടയിൽ
തലയെടുപ്പോടെ മുൻനിരയിൽ

**ജില്ലയിൽ 1ാം സ്ഥാനം**






**ഞങ്ങൾ പൂമ്പാറ്റകളായെത്തും**

# നിനച്ചിരിക്കാതെയെത്തിയ നങ്ങ്യാർ ജീവിതം.

ചിന്മയ സജീവ്
പ്ലസ് വൺ

സ്കൂൾ യുവജനോത്സവത്തിന്റെ സെലക്ഷന്റെ പരക്കം പാച്ചിലായിരുന്നു. ഒപ്പനക്കും മാർഗ്ഗംകളിക്കും ഒരു കൈ നോക്കാൻ പോയി.അവിടെ വെച്ചാണ് ബിന്ദു ടീച്ചർ ചോദിച്ചത് മോൾക്ക് നങ്ങ്യാർ കൂത്ത് കളിക്കാൻ പറ്റുല്ലേന്ന്..

പത്താം ക്ലാസ്സെന്ന ഭീകരജീവിതക്കടമ്പ കടക്കുന്നതിന് മുൻപ് ഒരു പരിപാടിയും വേണ്ടെന്ന് തീരുമാനിച്ചതാണ്. എന്നാൽ ടീച്ചർ ഉടൻ തന്നെ അച്ചനോട് കാര്യം പറഞ്ഞു.ചെറുപ്പത്തിലേയുള്ള നൃത്ത പഠനം തുണയാവുമെന്ന് കൂട്ടുകാരും പറഞ്ഞു.

പിന്നെ കാര്യങ്ങൾക്ക് ശരവേഗം. കലാമണ്ഡലം പ്രസന്ന ടീച്ചറെ വിളിച്ചു. അനുകരിക്കാൻ നിഹാരികേച്ചിയും ശീതികേച്ചിയും ഓർമ്മയിലുണ്ട്. പത്രത്തിലൊക്കെ ഇവരുടെ ഫോട്ടോകൾ കണ്ടതൊക്കെ ഓർമ്മയുണ്ട്. നങ്ങ്യാർകൂത്തിനെ കുറിച്ച് കൂടുതൽ അറിയാൻ യൂട്യൂബിൽ പരതി.



1500 വർഷത്തെ പഴക്കമുള്ള ഒറ്റയാട്ടമാണ് നങ്ങ്യാർകൂത്ത്. കൂടിയാട്ടത്തിന്റെ മറ്റൊരു ശാഖ. ആംഗ്യങ്ങളിലൂടെയും മുഖഭാവങ്ങളിലൂടെയും ശരീരചലനങ്ങളിലൂടെയും കൃഷ്ണൻറെ നീണ്ടകഥകൾ അഭിനയിച്ച വതരിപ്പിക്കണം. ഒന്നും മിണ്ടില്ല നങ്ങ്യാർ.. മിഴാവിൻ്റെയും ഇടക്കയുടേയും അകമ്പടിയോടെയാണ് അവതരിപ്പിക്കുന്നത്.

ആദ്യദിനം പ്രസന്ന ടീച്ചറെ ഞാനും അച്ചനും തലശ്ശേരി റെയിൽവേ സ്റ്റേഷനിൽ പോയി കൂട്ടിക്കൊണ്ടുവന്നു. നല്ല ടീച്ചർ.. സ്കൂളിൽ നിന്നും പ്രാക്ടീസ് ചെയ്തു.. നരസിംഹാവതാരം കഥയാണ് ഞാൻ അവതരിപ്പിക്കേണ്ടത്. ഹയർസെക്കൻഡറിയിലെ ശിവനന്ദേച്ചിയും കൂട്ടിനെത്തിയത് എന്റെ അനുഗ്രഹമായി. നല്ലതുപോലെ കഷ്ടപ്പെട്ട് ഞങ്ങൾ നരസിംഹാവതാരം പഠിച്ചെടുത്തു.

ഇരുപത് മിനുട്ട് സ്റ്റേജിൽ അഭിനയിക്കണം.. കഥ മറക്കരുത്.. മുദ്രകൾ ഹൃദിസ്ഥമാക്കണം.. ഒട്ടും പ്രതീക്ഷയില്ലാതെ ആത്മവിശ്വാസമില്ലാതെയായിരുന്നു പാനൂർ സബ്ജില്ലാ മത്സരത്തിന് എത്തിയത്. പേടിയോടെ ആയിരുന്നു സ്റ്റേജിൽ കയറിയത്. മിഴാവിൻ്റെ ദ്രുതതാളവും എൻ്റെ ഹൃദയമിടിപ്പും ഒന്നായി. ഇരുപത് മിനുട്ട് ആവും പോലെ ചെയ്തു. ഒട്ടും സംതൃപ്തി ഇല്ലാതെയായിരുന്നു സ്റ്റേജിൽ നിന്നിറങ്ങിയത്. ടീച്ചറുടെ കണ്ണിലും സംതൃപ്തി കണ്ടില്ല. ഒന്നാം സ്ഥാനം കിട്ടിയെന്നത് എന്നെ ഞെട്ടിച്ചു. നന്നായി എന്ന് എല്ലാവരും പറഞ്ഞു. അങ്ങനെ അടുത്ത കാൽവെപ്പ് ജില്ലയിലേക്ക്.

കണ്ണൂരിൽ മാർഗംകളിയും നങ്ങ്യാർകൂത്തും ഒരു ദിവസം ആയതുകൊണ്ട് തന്നെ ഒരുപാട് ടെൻഷനടിച്ചു. വേഷമഴിച്ച് മാർഗംകളി വേദിയിലേക്കോടി. ജില്ലയിൽ വലിയ ടെൻഷനില്ലായിരുന്നു. വരുന്നത് വരട്ടെയെന്ന് കരുതി വേദിയിൽ കയറി. അവിടെയും അമ്പരപ്പെടുത്തിക്കൊണ്ട് എനിക്ക് തന്നെ ഒന്നാം സ്ഥാനം.

ഒരു മാസത്തെ ഇടവേളക്ക് ശേഷമായിരുന്നു സംസ്ഥാന കലോത്സവത്തിന് കോഴിക്കോട്ടെത്തിയത്. സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുന്നത് തന്നെ അസുലഭ സൗഭാഗ്യം. നങ്ങ്യാർമാർ ഏറെയുണ്ടവിടെ.. പ്രസന്ന ടീച്ചറുമുണ്ടൊപ്പം തന്നെ.

അടുത്തവർഷം നേരത്തെ പ്രാക്ടീസ് തുടങ്ങണമെന്ന ടീച്ചറുടെ ഓർമ്മപ്പെടുത്തലും കേട്ട് എ ഗ്രേഡ് മധുരത്തോടെ സന്തോഷത്തോടെ കോഴിക്കോട് നിന്നും മടങ്ങി.

നൃത്തം പഠിച്ചെങ്കിലും തീർത്തും അവിചാരിതമായാണ് നങ്ങ്യാർകൂത്തിൻ്റെ ലോകത്തെത്തിയത്. അതിൽ എന്റെയീ പുന്നാര വിദ്യാലയത്തോട് തീർത്താൽ തീരാത്ത കടപ്പാട്. ഒപ്പം പ്രിയപ്പെട്ട അധ്യാപകർ.. കൂട്ടുകാർ.. നൃത്തം പഠിപ്പിച്ച ഷീബ ടീച്ചർ, ഉമാദാസ് സർ, കലാഗ്രാമം ഷീജ ടീച്ചർ..

ഞങ്ങൾ പൂമ്പാറ്റകളായെത്തും

# എന്റെ സൗഭാഗ്യങ്ങൾ

നിറക്കൂട്ടുൾ തീരുമ്പോളതു
വാങ്ങിത്തരുവാനെന്നച്ഛൻ
നിറക്കൂട്ടുകൾ ചാലിക്കാനെനിക്ക്
പ്രചോദനമേകും എന്നനുജൻ
നിറക്കൂട്ടുകൾ ചാലിച്ച് ഞാൻ വരച്ച
ചിത്രം പോലെ എനിക്കെന്നമ്മ
നിറക്കൂട്ടുകൾ എങ്ങനെ ചാലിക്കണമെന്ന്
പറഞ്ഞുതരാൻ എന്നധ്യാപകർ
എന്നോടൊപ്പം ചേർന്ന് നിറക്കൂട്ടുകൾ
ചാർത്താനെൻ കൂട്ടുകാർ
എൻ സൗഭാഗ്യങ്ങൾ ഇവരെല്ലാം
എൻ സന്തോഷങ്ങൾ ഇവരെല്ലാം

# രാജീവ്ഗാന്ധി മെമ്മോറിയൽ എച്ച്.എസ്.എസ്, മൊകേരി

**STUDENT POLICE CADET**
**KNC-227, KANNUR CITY**

# 75ാമത് റിപ്പബ്ലിക് ദിന പരേഡ്



സല്യൂട്ട് സ്വീകരിക്കുന്നത്



**SHRI.MOHINDER SINGH RANA**
DEPUTY COMMANDANT,131- BN.BSF





**ഞങ്ങൾ പൂമ്പാറ്റകളായെത്തും**



# അശാന്തം

ശ്രേയസ്സ്

അഗാധമായ ആത്മഭാരതത്തിൽ നടുങ്ങുന്ന ഒരമ്മയുടെ മനസ്സ്. താൻ ജീവിതത്തിലാഗ്രഹിച്ചതൊന്നും നേടാൻ സാധിച്ചില്ല എന്ന ചിന്ത. ഏതൊരമ്മയുടെയും സ്വപ്നങ്ങളുടെ സുവർണ്ണസാക്ഷാത്കാരമാണ് അവരുടെ മക്കളുടെ ഉയർച്ച എന്നത്

തന്റെ തിരക്ക് പിടിച്ച ഔദ്യോഗിക ജീവിതത്തിൽ തന്റെ കുട്ടികളെ , താൻ മറന്നുപോയോ. തിരിഞ്ഞ് നോക്കുമ്പോൾ തന്റെ ജീവിതം എന്ത്, എന്തിന് വേണ്ടി. എന്നുള്ള ചിന്ത ഉണ്ടാകുന്നു. ഒരമ്മയുടെ വാത്സല്യം നൽകാതെ വളർത്തിയ, ഏറെ കൊതിച്ചുണ്ടായ കുച്ചികൾ. 2 ഇരട്ട ആൺകുട്ടികളുടെ അമ്മ. എല്ലാ തരത്തിലുമുള്ള സുഖ സൗകര്യങ്ങളിലുമാണ് അവർ വളർന്നത്. എന്നാൽ തന്നിൽ നിന്ന് അവർക്ക് എന്തോ ഒരു നഷ്ടമുണ്ടായി. ആവശ്യത്തിലേറെ എല്ലാം അവർക്ക് നൽകിയിരുന്നു. ജീവിതത്തെ അവൾ നാടകമായി കാണുകയായിരുന്നു. അതിനിടെ അതിലേക്ക് ഒരു കോമാളി വേ,ധാരി എന്നും കയറിവന്ന് ഒരു ചോദ്യവുമായി അവളെ കീറിമുറിച്ച്കൊണ്ടേയിരുന്നു. എന്തിനാണ് നീ ഇത് ചെയ്തത്

സമൂഹത്തിന് ഇത്രയേറെ ഉപദ്രവകാരികളായി നീ എന്തിന് അവരെ വളർത്തി.

എന്നാൽ ആദ്യമൊന്നും അതിന്റെ അർത്ഥം മനസ്സിലാക്കാൻ അവൾക്ക് സാധിച്ചില്ല. എന്നാൽ ഇപ്പോൾ ... താന നേരിടേണ്ടിവരുന്ന അധിക്ഷേപവചനങ്ങളിൽ തകർന്ന് പോകാതെ ഏതോ ശക്തിയാ. ജീവിക്കാന സധിക്കുന്നു എന്ന് മാത്രം. മക്കൾക്ക് സുഖസൗകര്യങ്ങളെല്ലാം ആവശ്യത്തിലേറെ നൽകി. എന്നിട്ടും അവർ... വിദ്യാഭ്യാസം പ്രാഥമിക ഘട്ടം പിന്നിടുമ്പോഴെല്ലാം വളരെ അധികം പ്രതീക്ഷയായിരുന്നു അവരിൽ. ജീവിച്ച് കൊതി തീരും മുൻപേ പിരിഞ്ഞുപോയ അവരുടെ അച്ഛന്റെ ഭാവിവാഗ്ദാനമായ പിൻഗാമികൾ. കോളേജ് തലം വരെ എത്തിയപ്പോൾ അവർ പൂർണ്ണ സ്വതന്ത്രരായി മാറുകയായിരുന്നു. അവരിലെ സ്വഭാവവൈകല്യം

ചെറിയതോതിൽ സംഭവിക്കുമ്പോൾ തന്നെ , പൂർവ്വികവർ പറയുംപോലെ മുളയിലേ നുള്ളിയിരുന്നെങ്കിൽ ഇതൊന്നും സംഭവിക്കുമായിരുന്നില്ല .

ആരോ തട്ടിയുണർത്തിയത് പോലെ ആ അമ്മ പെട്ടെന്ന് ഞെട്ടിയുണർന്നു . സമയം രാവിലെ 7 മണിയോടടുത്തിരുന്നു. എന്നിട്ടും പൂർണ്ണമായി വെളിച്ചം ചുറ്റുപാടും പരന്നിരുന്നില്ല എങ്ങോട്ടെന്നറിയാതെ ഏകയായി ഒരു പ്രഭാത സവാരിക്ക് അവർ ഇറങ്ങി നടന്നു.എന്നാൽ പ്രകൃതി പോലും തന്നെ വെറുത്തുവോ എന്നൊരു തോന്നൽ അവളിലുണ്ടായി.

ചുറ്റുകാടുപോലെ മൂടപ്പെട്ട ഓക്കുമരത്തിന്റെ കരിനിഴ. അവളെ ഭയചകിതയാക്കി.

എപ്പോഴായിരിക്കും ഇനിയൊരു ഫോൺ വിളി വരികയെന്നറിയില്ല . ഓരോ തവണയും അവരെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിക്കുമ്പോഴും തെറ്റ് കുറ്റങ്ങൾ മാറ്റി നന്നാവാൻ എത്ര അവസരം നൽകിയാലും അവരുടെ രണ്ട് മക്കളും അന്ന് വീട്ടിൽ തിരിച്ചെത്തിയാലായി. പിറ്റേന്ന് നേരം പുലരുന്നതിന് മുൻപേ, അമ്മയോട് ഒരു വാക്ക് പോലും മിണ്ടാതെ, തന്റെ തെറ്റ് പോലും മനസ്സിലാക്കി തിരുത്തണം എന്ന വീണ്ടുവിചാരം പോലുമില്ലാതെ രണ്ട് മക്കളും രണ്ട് വഴിക്ക് പോകും....

പലപ്പോവും മക്ക്ളുടെ ഈ ദുർനടപ്പിൽ മനം നൊന്ത് ആത്മഹത്യചെയ്യാൻ പോലും തോന്നാറുണ്ട്.പക്ഷേ എന്തിന്? എപ്പോഴോ തലയിൽ കയറിക്കൂടിയ ഫിലോസഫിക്കൽ ചിന്ത അവളെ അതിൽ നിന്ന് പിൻതിരിപ്പിക്കും.

അതാ ഓർക്കാപ്പുറത്ത് താൻ പ്രതീക്ഷിച്ചത് പോലെ ഒരു ഫോൺ കോൾ. എന്നാൽ ഇപ്പോഴത്തെ വിധി അവളെ തകർക്കുമോ? അവൾ ഫോണെടുത്ത് ചോദ്ച്ചു. "എന്താണ് സാർ പുതിയ അക്രമം അവർ കാണിച്ചത്?" എന്നാൽ അവൾക്ക് ലഭിച്ചത് ഒരു ഗൗരവകരമായ മറുപടിയായിരുന്നു.

"മാഡം, ഞങ്ങൾ വിളിച്ചത് നിങ്ങളെ ശകാരിക്കാനല്ല ആ വീട് ഒഴിഞ്ഞുതരാനാണ്."

അവൾക്കൊന്നും മനസ്സിലായില്ല.

"ഒരു ഓൺലൈൻ വാതുവയ്പ്പ് കേസിൽ 10 കോടി രൂപയുടെ നഷ്ടമുണ്ടാക്കി, വീടിന്റെ ആധാരവും ബാങ്കിൽ പണയം വച്ച് രണ്ടും ആത്മഹത്യ ചെയ്തു. അതിനാ. വേറെ എന്താണ് ഞങ്ങൾ ചെയ്യേണ്ടത്?"

യാതൊരു മറുപടിക്കും

കാത്തുനിൽക്കാതെ ആ മേലുദ്യോഗസ്ഥൻ പറഞ്ഞു.

"ഇന്ന് വൈകീട്ട് 5 മണിക്കുള്ളി. അവിടെ നിന്ന് ഇറങ്ങി തന്നില്ലെങ്കിൽ, ചിലപ്പോൾ ചില കടും കൈ പ്രയോഗിക്കേണ്ടി വരും." അയാൾ ഫോൺ വച്ചു. "എന്ത്? "നിസ്സഹായമായ ആ മനസ്സിന്റെ അഗാതതലത്തിൽ നിന്നുവന്ന അലർച്ചയ്ക്ക് എന്നാൽ ശബ്ദമുണ്ടായിരുന്നില്ല. വാക്കുകൾ ഉരുവിടാൻ നാവുകൾക്ക് ചലനശേഷി നഷ്ടമായ കണക്കെ അവൾ നിന്നു. ആ അമ്മയുടെ നിസ്സഹായമായ സ്ഥിതി കണ്ട് ഓക്കുമര ചില്ലുപോലും കുനിഞ്ഞ് പോയതായി തോന്നി.

പിന്നീട് എന്തൊക്കെ സംഭവിച്ചു എന്നതിന് ഒരു ഊഹവും ഉണ്ടായിരുന്നില്ല . താൻ എങ്ങിനെ ആ വീട്ടിലേക്ക് തിരിച്ചെത്തിയെന്നോ ഒന്നും അവൾ അറിഞ്ഞില്ല. പിന്നീട് തീർത്തും മാനസ്സിക നില തകർന്ന ഒരാളെ പോലെയാണ് പ്രവർത്തിച്ചത്.

എന്തൊക്കെയും വേണ്ടതും വേണ്ടാത്തതുമായ ചില സാധനങ്ങൾ എടുത്ത് കൊണ്ട് അവൾ കാത്ത് നിൽക്കാതെ ബാങ്കുദ്യോഗസ്ഥർ പറഞ്ഞ സമയത്തിന് ഒത്തിരി മുൻപേ, ആ ക്ഷണം തന്നെ അവൾ അവിടെനിന്നിറങ്ങി. അല്ലെങ്കിലും ഇങ്ങനെയൊരവസ്ഥയിൽ ആർക്ക് വേണ്ടി അവൾ കാത്ത് നിൽക്കണം? ആരോരുമില്ലാത്ത അവളെ ഇനിയാരും സഹായിക്കാൻ പോകുന്നില്ല. പ്രതാപമുള്ള കാലത്ത് അവളും ആരെയും സഹായിച്ചിരുന്നില്ലല്ലോ.

പിന്നീട് കാറ്റത്തും മഴയത്തുമെല്ലാം അവൾക്കുള്ള ഏക ആശ്രയം തെരുവുകളും കടത്തിണ്ണകളുമായിരുന്നു. ഒരു തുള്ളി വെള്ളം പോലും കുടിക്കാതെ അവൾ അവിടം വരം നടന്നെത്തിയ വഴികളിലൂടെയെല്ലാം തിരിച്ചും നടക്കുന്നു. ഒരു മടക്കം. പക്ഷേ അവിടെയും അവൾ മാത്രം. തന്റെ ദുർവിധിയെ ശപിച്ച് , ദൈവം വിധിച്ചത് പോലെ ആയുസ്സ് പ്രതീക്ഷിച്ച്, അങ്ങനെ ഒറ്റയ്ക്ക് എത്ര ദിവസങ്ങൾ കഴിഞ്ഞു എന്നൂഹമില്ല. ഇപ്പോഴും അവളുടെ ജീവിതനാടകം വേദിയിൽ കാണികളുടെ കണ്ണിനെ ഈറണിയിച്ച് കൊണ്ട് പല വേഷ, രൂപ, ഭാവങ്ങളിൽ തകർത്താടുകയാണ്. ഇന്ന് ആ പഴയ കോമാളി അവളെ നോക്കി പരിഹസിക്കുന്നു.

അന്ന് നീ ഞാൻ പറഞ്ഞത് കേട്ടില്ല, നിൻറെ മക്കളുടെ സ്വഭാവദൂഷ്യം കാരണം തകർന്നടിഞ്ഞ എത്രയോ കുടുംബങ്ങലുടെ ശാപമാണ് നീ ഇപ്പോൾ അനുഭവിക്കുന്നത്. ഇത്രയും പറഞ്ഞ് കഴിഞ്ഞപ്പോൾ വേദിയിലിരുന്ന ഒരു പറ്റം അമ്മമാരുടെ കണ്ണുകൾ നിറയുകയായിരുന്നു. പലരും ഇത് തൻറെ കഥയുമായി സാമ്യമുള്ളതെന്ന് പറയുന്നു. ഈ അമ്മമാരെല്ലാം തന്നെ ഇതിതരം സാഹചര്യങ്ങളിൽ കിടന്ന് മാനസ്സിക സംഘർഷം അനുഭവിക്കുന്നവരാണ്. എന്നാൽ ഇവരുടെ അഭയകേന്ദ്രത്തിൽ ഇവർക്ക് ആശ്വാസവും, തണലും, സ്നേഹവുമായി ഇന്നൊരാളുണ്ട്. തന്റെ തകർന്നടിഞ്ഞ ജീവിതത്തെ പച്ചപിടിപ്പിച്ച് കൊണ്ടും വാക്ചാതുര്യ കൊണ്ടും കഥാനായികയായ ആ അമ്മ ഇന്ന് മറ്റുള്ളവരെ പ്രചോദിപ്പിക്കാൻ കഴിവുള്ള, അവരെ ആത്മസംയമലെ പഠിപ്പിക്കുന്ന ഒരു പ്രസംഗികയായി മാറികഴിഞ്ഞിരുന്നു.

## ഞങ്ങൾ പൂമ്പാറ്റകളായെത്തും

Celestia 2023












ഞങ്ങൾ പൂമ്പാറ്റകളായെത്തും

# പാട്ടിന് പോയി ആൽമരത്തണലിൽ...

പ്രത്യുഷ്

**എ**ന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ.. ഓർക്കുമ്പോൾ ഒരുപാട് സന്തോഷം നൽകുന്ന നിമിഷങ്ങൾ സമ്മാനിച്ച വിദ്യാലയം..

ഏഴ് വർഷങ്ങൾക് മുൻപ് ആണ് ഞാൻ രാജീവ് ഗാന്ധിയിൽ നിന്ന് പഠിച്ചിറങ്ങിയത്.
എന്റെ വിദ്യാലയം എനിക്ക് നൽകിയ ബന്ധങ്ങൾ എന്നെ ഇന്നും അവിടുത്തെ വിദ്യാർത്ഥി ആക്കാറുണ്ട്..

എന്റെ ഹൈസ്കൂൾ, ഹയർ സെക്കൻ്ററി പഠനം മുഴുവൻ പവിത്രമായ ഈ മണ്ണിലായിരുന്നു.. അഞ്ച് വർഷം എത്ര നല്ല നല്ല ഓർമകൾ സമ്മാനിച്ചാണ് കടന്നുപോയത്. അഞ്ച് വർഷവും കലോത്സവത്തിലെ പങ്കെടുക്കാൻ കഴിയുന്ന എല്ലാ മത്സരങ്ങളിലും പങ്കെടുപ്പിക്കാറുണ്ട്, അധ്യാപകർ
അവരുടെ ഭാഗത്തുനിന്നും ചെയ്യുതരേണ്ട എല്ലാ സഹായങ്ങളും സന്തോഷത്തോടെ ചെയ്തു തരാറുണ്ട്.

പ്ലസ് ടു കംപ്യൂട്ടർ സയൻസ് കഴിഞ്ഞ് തുടർ പഠനത്തിന് പല വഴികൾ അന്വേഷിക്കുമ്പോൾ 'നീ ധൈര്യത്തോടെ പാട്ടിൻ്റെ വഴിക്ക് പോകൂ' എന്ന് ചുമലിൽത്തട്ടിപ്പറഞ്ഞ അധ്യാപകർ..
ആ തീരുമാനമാണെൻ്റെ ജീവിതത്തെ മാറ്റി മറിച്ചത്.
ഓരോരുത്തരും അവർക്കിഷ്ടമുള്ളിടം തിരഞ്ഞെടുക്കണം.



# Whispers of the shore

Devananda

Sandy shore and waves that play,
sunset hues at the end of day.
Seagulls dance in the salty air,
footprints left without a care.

Ocean whispers, a lullaby,
shells and treasures, nearby.
Children’s laughter, building dreams,
as the gentle tide redeems.

Golden sun warms the sandy floor,
waves kiss the shore, forever more.
A beach’s tale, simple and sweet,
Nature’s rhythm, a peaceful retreat.




കൂട്ടുങ്ങൾ






ഞങ്ങൾ പൂമ്പാറ്റകളായെത്തും

# Living in a Digital era

Aparna prakash

We live in a digital world, where technology impacts every aspect of our lives. From communication to education, shopping to entertainment, digital technology plays a crucial role. This digital world is a creation of rapid technological advancements, fundamentally altering the way we live, work and communicate.

Communication in the digital world

Digital world has revolutionized communication. Social media platforms and instant messaging apps have made it possible to internet with anyone, anywhere, at any time, This instantaneous, while fostering global connectivity, also challenges traditional nations of privacy and personal space.

Education in the digital world

Education has been democratized by the digital world. The internet offers a plethora of resources, enabling anyone with a connection to learn virtually anything. However, the digital divide still persists, highlighting the ned for equal access to digital resources

Work in the digital era

The digital world has reshaped the professional landscape as well. Remote work, digital nomadism and gig economy are now viable career paths, thanks to digital technologies. Yet, these bring new challenge like work- life balance issues

Living in a digital world is a double – edged sword.
Living in this digital world has its challenges, but it also offers numerous opportunities and conveniences.



# ഭക്ഷ്യമേള









**ഞങ്ങൾ പൂമ്പാറ്റകളായെത്തും**

# ഹരിതകം

ഗ്രീൻ ക്യാമ്പസ് ക്ലീൻ ക്യാമ്പസ് എന്ന മുദ്രാവാക്യമുയർത്തിപ്പിടിച്ച് സ്കൂൾ നടപ്പിലാക്കി വരുന്ന തനതു പ്രവർത്തനം.











## ഞങ്ങൾ പൂമ്പാറ്റകളായെത്തും

# കരൾ പിളരും കാലം

ശ്രാവൺ

കാലം കിളച്ചിട്ട കാണാ വഴികളിൽ
ആ കരങ്ങൾ ഉണ്ടായിരുന്നു.
ഇരുട്ടിൽ ഇരമ്പിയ കൊടുങ്കാറ്റ്
കണക്കവ കാർന്നൊടുക്കുവാൻ,
കിതച്ചെത്തവ
കാവൽ കരങ്ങളായി മാറവെ
രക്തക്കറകൾ പിരളുവാൻ
വിടാതെ താങ്ങിൻ ചിറകുകൾ
കൺ കെട്ടിയ കാണാ കഴുകൻമാർക്ക്
കണ്ണും കരളും ഭ്രമം
അഗ്നിയിൽ പതിക്കാതെ താങ്ങുന്നൊരാ
ചിറകിന് വിതുമ്പുന്നൊരോർമ്മയുമായി
ഏകാന്തയാത്ര
പിളരുന്ന ഹൃത്തിൻ ശാപവാക്കുകൾ
ആഴ്ന്നിറങ്ങവെ
ചമഞ്ഞൊരാ കപടമധുരത്തിന്
കടും ചമർപ്പ്
സമയചക്രത്തിൽ നീയും ഞാനും
തുല്യർ
ഈ അസുരനായാട്ടിന് എന്നാകും
അറുതി.



# വിജയോത്സവം 2023
















**ഞങ്ങൾ പൂമ്പാറ്റകളായെത്തും**



# Natures delight

Rithuvarna.k

in nature's embrace, whispers of wind,
Through verdant valleys, rivers twinned
mountains stands proud, touching the sky,
underneath, creatures scamper birds fly.

Leaves dance freely, in forest deep,
where ancient secrets, their vigil keep,
sunlight cascades, through branches tall.
As shadows play, in evening's thrall.

Fields of flowers ,a colourful array,
painting meadows, in the light of day.
Bees hum softly, amidst petals bright,
natures symphony pure delight.Natures delight

in nature's embrace, whispers of wind,
Through verdant valleys, rivers twinned
mountains stands proud, touching the sky,
underneath, creatures scamper birds fly.

Leaves dance freely, in forest deep,
where ancient secrets, their vigil keep,
sunlight cascades, through branches tall.
As shadows play, in evening's thrall.

Fields of flowers ,a colourful array,
painting meadows, in the light of day.
Bees hum softly, amidst petals bright,
natures symphony pure delight.Natures delight

in nature's embrace, whispers of wind,
Through verdant valleys, rivers twinned
mountains stands proud, touching the sky,
underneath, creatures scamper birds fly.

Leaves dance freely, in forest deep,
where ancient secrets, their vigil keep,
sunlight cascades, through branches tall.
As shadows play, in evening's thrall.

Fields of flowers ,a colourful array,
painting meadows, in the light of day.
Bees hum softly, amidst petals bright,
natures symphony pure delight.

# കായികം









ഞങ്ങൾ പൂമ്പാറ്റകളായെത്തും








ദർശന

ഞാനൊരു പൂമ്പാറ്റയായിരുന്നില്ല
കാലത്തിന്റെ ഓട്ടപ്പാച്ചിലിനിടയിൽ
ഞാനും.ഋതുക്കൾ എനിക്കുമുന്നിലൂടെ
ഓടിമറഞ്ഞപ്പോൾ ഏതോ ഒരു രാവിൽ
എനിക്കും ചിറകുകൾ മുളച്ചു
ഈ ഹരിതമാം ഭൂമിയെ ഞാൻ
ചിറകടിച്ചറിഞ്ഞു. ഈ യാത്രയത്രയും
എളുപ്പമായിരുന്നില്ല. ഓരോ നിമിഷവുംവീണു പോവുമായിരുന്നു
ഉദയസൂര്യന്റെ ശോഭയിൽ ചെമ്പരത്തിയിലയിൽ
പവിഴം കണക്കിന് എന്തോ തിളങ്ങിയിരുന്നവ
ഓരോ കാറ്റിനും പതറാതെ
ഒരമ്മയുടെ മാറിലെന്ന പോലെ
ആ ഇലയെ പറ്റിയിരുമ്മിയിരുന്നു
അവയോരോന്നും ഓരോ പ്യൂപ്പ-
യായപ്പോഴും ഞാൻ....
അതൊരു ഇരുണ്ട പ്രഭാതമായിരുന്നു
മാനം ഇപ്പോൾ കരഞ്ഞേക്കാം..
ഞാനാ ഇലയുടെ ചൂടേറ്റവിടെയിരുന്നു
ആ അമ്മ എനിക്ക് അഭയം തന്നു.
ആ അമ്മയുടെ ഓരോ ഇലയും ഞാൻ കാർന്നു-
തിന്നു വേദനകൊണ്ട് പുളഞ്ഞപ്പോഴും
എന്നെ ശപിച്ചില്ല വെറുത്തില്ല...
പെറ്റതല്ലെങ്കിലും പോറ്റിയതമ്മയല്ലേ
അതിന്റെ ശിക്ഷയെന്നവണ്ണം കാലം എന്നെ
തടവിലാക്കി. ഞങ്ങിഞ്ഞരുങ്ങിയമർന്നുഞാനാ
തടങ്കലിലിരുന്നു ഒരുനാളെനിക്കിരു ചിറകുകൾ
മുളച്ചു. ഞാൻ ഈ ലോകത്തെ ചിറകടിച്ചറിഞ്ഞു.

**ഞങ്ങൾ പൂമ്പാറ്റകളായെത്തും**

# ഒരു തിരിഞ്ഞു നോട്ടം

ഐശ്വര്യ മുകുന്ദൻ

ഞാൻ രാജീവ് ഗാന്ധി മെമ്മോറിയൽ സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഞങ്ങൾ മാത്രമല്ല, സ്കൂളും ഒരു കുട്ടിയായിരുന്നു. 10 വയസ്സ് പോലും പ്രായമില്ലാത്ത ഒരു കുട്ടി. ഞങ്ങളും വളർന്നു, സ്കൂളും വളർന്നു. ഒരുപാട് ഓർമകൾ സമ്മാനിച്ച വിദ്യാലയം. രാവിലെ എണീറ്റ് കുളിച്ച് ഉണങ്ങാത്ത മുടി രണ്ടു ഭാഗവും പിന്നി, മടക്കി കെട്ടി വയ്ക്കുന്നതിൻെറ ബുദ്ധിമുട്ട് നിങ്ങൾ ക്കറിയാമോ? എനിക്കറിയാം. എന്നാൽ അതൊന്നും ഒന്നുമല്ല.

ഓരോ ദിവസവും രാവിലെ സ്കൂളിലും തിരിച്ച് വൈകുന്നേരം വീട്ടിലും എത്തുക എന്നുള്ളതായിരുന്നു ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം. ഗുസ്തി മത്സരത്തിനു പോകുന്നതു പോലെ ഇടിയും ചവിട്ടും കുത്തും വഴക്കും കിട്ടാനും കൊടുക്കാനും തയ്യാറായിട്ടു വേണം ബസ്സിൽ കയറാൻ. ഇന്ന് സ്കൂൾ ബസ്സിൽ പോകുന്ന കുട്ടികളൊക്കെ ഭാഗ്യവാന്മാർ.പഠിത്തവും പരീക്ഷകളും ഒക്കെ വളരെ ഗൗരവമായി എടുത്ത ആളായിരുന്നു ഞാൻ. പഠിക്കാനുള്ളതൊക്കെ സ്കൂളിൽ വെച്ചു തന്നെ പഠിക്കുക എന്നുള്ളതായിരുന്നു എന്റെയൊരു നയം. വീട്ടിൽ ചെന്നു പ്രത്യേകിച്ച് പഠിത്തമൊന്നുമില്ല. പത്താം ക്ലാസിലെ കണക്ക് പരീക്ഷയിൽ ഒരു മാർക്ക് കുറഞ്ഞതിന് നിലവിളിച്ചു കരഞ്ഞ എന്നെ ഞാനിന്ന് വളരെ ജാള്യതയോടെസ്മരിക്കുന്നു സ്കൂളിലെ പ്രാർത്ഥന ഗ്രൂപ്പിലെ മൂന്നു പേരിൽ ഒരാളായിരുന്നു ഞാൻ. 2 പ്രാർത്ഥന കൊണ്ട് 3 കൊല്ലം തള്ളി നീക്കി, എല്ലാവരെയും വെറുപ്പിച്ച ഞങ്ങളുടെ കഴിവ് എടുത്തു

ഈ സ്കൂളിലെ എന്റെ ഓർമകളിൽ കൂടുതലു യുവജനോത്സവം, ശാസ്ത്ര ഗണിതശാസ്ത്ര മേളകൾ ഇതെല്ലാമാണ്. കലോത്സവ സീസൺ തുടങ്ങിയാൽ പിന്നെ സുഖമാണ് പഠിത്തം എന്നൊരു പരിപാടിയില്ല വല്ലപ്പോഴും ക്ലാസ്സിൽ കയറിയാലായി. ഫുൾ ടൈം പരിശീലനമാണ്. വല്ല ക്ലാസ്സ പരീക്ഷയും ഉണ്ടെങ്കിൽ അത് മനപൂർവ്വ ഒഴിവാക്കാനുള്ള ഒരു സൂത്രവു കൂടിയായിരുന്നു ഇത് എന്ന രഹസ്യ ഇപ്പോൾ വെളിപ്പെടുത്തട്ടെ എന്തൊക്കെയായാലും ഒരുപാട് മത്സരങ്ങളി ഈ വിദ്യാലയത്തെ പ്രതിനിധീകരിക്കാനും കലാതിലകം ആകാനും, മറ്റ് അംഗീകാരങ്ങൾ നേടാനും കഴിഞ്ഞത് എളിമയോടെ ഓർക്കുന്നു.സ്കൂളിനെ പറ്റി പറയുമ്പോൾ മറക്കാൻ പറ്റാത്ത കുറേപേരുണ്ട്. ചിരിക്കാനു കരയാനും കൂടെ നിന്ന കൂട്ടുകാർ, സ്നേഹവു വാത്സല്യവും അറിവും (ചിലപ്പോൾ അടിയും വാരിക്കോരി തന്ന അധ്യാപകർ. കൃഷ്ണൻ മാഷും, സുധി മാഷും, പ്രേമദാസൻ മാഷും രമേശൻ മാഷും പോലെ അനേകം പേർ പേരുകൾ പറഞ്ഞാൽ പേജുകൾ നിറയും എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു.

ഇന്നും ഒരു കുട്ടിയുടെ അതേ ആവേശത്തോടെ ഈ സ്കൂൾ എല്ലാത്തിലു മുന്നിട്ടു നിൽക്കുന്നത് കാണുമ്പോൾ മനസ്സിൽ സന്തോഷവും അഭിമാനവും. എന്റെ വിദ്യാലയത്തിന്റെ പേരും പ്രശസ്തിയു ഇനിയുമിനിയും ഉയരങ്ങളിലെത്തട്ടെ എന്ന പ്രാർത്ഥനയോടെ ഒരു പൂർവ്വ വിദ്യാർത്ഥി.

# സ്നേഹാരാമം








# പരിസ്ഥിതി ക്ലബ്ബ്




Mathrubhumi
മാതൃഭൂമി

## രാജീവ്ഗാന്ധി സ്കൂളിൽ സ്നേഹാരണ്യം



**ഞങ്ങൾ പൂമ്പാറ്റകളായെത്തും**

# ഏകാന്തയാത്ര

ശ്രീയ

കാലം കിളച്ചിട്ട കാണാ വഴികളിൽ
ആ കരങ്ങൾ ഉണ്ടായിരുന്നു.
ഇരുട്ടിൽ ഇരമ്പിയ കൊടുങ്കാറ്റ്
കണക്കവ കാർന്നൊടുക്കുവാൻ,
കിതച്ചെത്തവ
കാവൽ കരങ്ങളായി മാറവെ
രക്തക്കറകൾ പിരളുവാൻ
വിടാതെ താങ്ങിൻ ചിറകുകൾ
കൺ കെട്ടിയ കാണാ കഴുകൻമാർക്ക്
കണ്ണും കരളും ഭ്രമം
അഗ്നിയിൽ പതിക്കാതെ താങ്ങുന്നൊരാ
ചിറകിന് വിതുമ്പുന്നൊരോർമ്മയുമായി
ഏകാന്തയാത്ര
പിളരുന്ന ഹൃത്തിൻ ശാപവാക്കുകൾ
ആഴ്ന്നിറങ്ങവെ
ചമഞ്ഞൊരാ കപടമധുരത്തിന്
കടും ചമർപ്പ്
സമയചക്രത്തിൽ നീയും ഞാനും
തുല്യർ
ഈ അസുരനായാട്ടിന് എന്നാകും
അറുതി.



# വരകൾ വർണ്ണങ്ങൾ



നചികേത് ടി പി IX U



വൈഗ കെ

ഞങ്ങൾ പൂമ്പാറ്റകളായെത്തും



അദീബ് ശ്രീലേഷ്



ശ്രീനന്ദ എ





## സൻഹ ഫാത്തിമ

## സ്രിഷിൻ പി





കീർത്തന.

**ഞങ്ങൾ പൂമ്പാറ്റകളായെത്തും**




കല, കായികം, പഠനം..

# മൊകേരി രാജീവ് ഗാന്ധി സ്കൂളിലെ കുട്ടികൾ

# കിടുക്കും തിമിർക്കും തകർക്കും

**സ്കൂൾ കലോത്സവത്തിൽ സ്വർണക്കപ്പ് കണ്ണൂരിലേക്ക് എത്തിയത് രാജീവ് ഗാന്ധി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ കരുത്തിൽ**



ഞങ്ങൾ പൂമ്പാറ്റകളായെത്തും


Thank You